# ഉയർപ്പുക്കാലം

## നാലാം ഞായർ

### വചന വിചിന്തനം

യോഹ 16,16-24

സ്വർഗ്ഗം = ദുഃഖം സന്തോഷമായി മാറുന്ന ഇടം!

നരകം = സന്തോഷം ദുഃഖമായി മാറുന്ന ഇടം!

**ആത്മപരിശോധന ചെയുക,**

**"ദുഃഖം സന്തോഷമായി മാറുന്ന ഇടത്തെ ത്യജിച്ച്**

**സന്തോഷം ദുഃഖമായി മാറുന്ന ഇടത്തിലേയ്ക്കാണോ നമ്മുടെ യാത്ര?"**

'കാര്യ - കാരണ - ഉദാഹരണ' സഹിതം വിവരിക്കുക എന്നത് മലയാള ഭാഷയുടെ ഒരു ശൈലിയാണ്. എങ്കിൽ, ഇന്നത്തെ വചനഭാഗം കാര്യ - കാരണ - ഉദാഹരണസഹിതം വിവരിക്കുന്നതിനുള്ള ഏറ്റവും നല്ല ദൃഷ്ടാന്തമാണ്.

ക്രിസ്തു പറയുന്നു, ''അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽപ സമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും. നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ, ശിശുവിനെ പ്രസവിച്ചു കഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതു കൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല. അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല" (യോഹ 16,20 - 22).

സഹനങ്ങളിൽ തളരരുത്... സന്തോഷങ്ങളിൽ അതിര് വിടരുത്... ഇതിനായ് നിൽക്കേണ്ട ഇടം, കുരിശിൻ ചുവടുമാത്രമാണ്...

ചുരുക്കത്തിൽ, ക്രിസ്തു ഇന്നത്തെ വചനഭാഗത്തിലൂടെ സംവദിക്കുന്നത് "സന്തോഷമായി മാറ്റപ്പെടുന്ന സങ്കടങ്ങളെ കുറിച്ചാണ്." ക്രിസ്തുവിന്റെ കുരിശിന്റെ പൊരുൾ എന്താണെന്ന് ചോദിച്ചാൽ അതിനുള്ള ഉത്തരം ഇത് തന്നെയാണ്. ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും കൂട്ടിവച്ചാൽ അതു നൽകുന്ന സന്ദേശവും ഇതുതന്നെയാണ്, "സങ്കടങ്ങളെല്ലാം സന്തോഷമായി മാറ്റപ്പെടും!" രാവിന് പകലെന്നപോലെ, കടലിന് കരയെന്നപോലെ, കയറ്റത്തിന് ഇറക്കമെന്നപോലെ ഏതു സങ്കടത്തിനും സന്തോഷമുണ്ട്. സങ്കടത്തിന്റെ പുറകിൽ ഒളിപ്പിച്ച് വച്ചിട്ടുള്ള സന്തോഷത്തെ തിരിച്ചറിയുന്നവരാണ് ജീവിത്തിൽ വിജയിക്കുക.

ജീവിതത്തിൽ സന്തോഷം മാത്രം തിരയുന്നവരാണ് മനുഷ്യർ. ആ സന്തോഷത്തിന് വേണ്ടി എന്തും ബലികഴിക്കാൻ അവൻ തയ്യാറാണ്. അതുകൊണ്ട് തന്നെ നശ്വരമായ, അൽപസമയം മാത്രം സന്തോഷത്തിന് വേണ്ടി അനശ്വരമായ മൂല്യങ്ങളെ, കടമകളെ, ദൗത്യങ്ങളെ മനുഷ്യൻ വച്ച് മറുന്നു. ചുറ്റിലും നോക്കുക, അൽപ്പസമയത്തെ സന്തോഷത്തിന് വേണ്ടി മദ്യത്തിന് വേണ്ടി കുടുംബത്തിന്റെ ഭദ്രതയെ കാറ്റിൽ പറത്തുന്ന കുടുംബ നാഥൻമാർ... കുടുംബത്തിന്റെ കൂട്ടായ്മയെ കളങ്കപ്പെടുത്തി ഇഷ്ടംപോലെ പ്രവർത്തിക്കുന്ന കുടുംബനാഥമാർ... കുടുംബത്തിന്റെ സ്നേഹം തിരിച്ചറിയാതെ കൂട്ടുക്കാരൻമാരുടെ കൂടെ മാത്രം ജീവിക്കുന്ന മക്കൾ... ലിസ്റ്റ് നീളുകയാണ്, നശ്വരമായ, അൽപസമയം മാത്രം സമ്മാനിക്കുന്ന സന്തോഷത്തിന് വേണ്ടി അനശ്വരമായ മൂല്യങ്ങളെ, കടമകളെ, ദൗത്യങ്ങളെ വച്ച് മറുന്ന മനുഷ്യരുടെ.

ജീവിതത്തിൽ എപ്പോഴും സന്തോഷം മാത്രം തേടുന്ന മനുഷ്യൻ. നിതാന്ത ജാഗ്രത കൂട്ടിന് വച്ച് സന്തോഷത്തിന് വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത വ്യക്തികൾ. പക്ഷെ, ഇവർ മറന്നു പോകുന്നത്, "സങ്കടത്തിന് പിന്നിൽ ഒളിച്ചിച്ച് വച്ചിട്ടുളള സന്തോഷത്തെ തേടുവാനാണ്." കൗതുകമുണർത്തുന്ന ഒരു കഥ ഇപ്രകാരമാണ്.

തോമാച്ചൻ എല്ലാ ദിവസവും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കും, "ദൈവത്തെ ഒന്ന് നേരിൽ കാണുവാൻ!" ഒരു ദിവസം, തോമാച്ചന്റെ ആഗ്രഹം സാധിച്ചു കൊടുക്കുവാൻ വേണ്ടി ദൈവം മുൻപിൽ വന്നു...

ദൈവം ചോദിച്ചു, "എന്താണ് തോമാച്ചാ കാര്യം? എല്ലാ ദിവസവും എന്നെ മുട്ടിപ്പായി കാണാനായി നീ പ്രാർത്ഥിക്കുന്നുണ്ടല്ലോ? നിനക്ക് എന്തെങ്കിലും ആവശ്യങ്ങളുണ്ടോ?"

തോമാച്ചൻ പറഞ്ഞു, "എനിക്ക് അങ്ങനെ പ്രത്യേകിച്ച് ആഗ്രഹങ്ങളൊന്നുമില്ല. ദൈവത്തെ കാണണം എന്നു മാത്രമെ ഉണ്ടായിരുന്നൊള്ളു. എങ്കിലും, നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ എന്ന് ചോദിച്ചത് കൊണ്ട് '2019 മാർച്ചിലെ പത്രം ഒന്ന് ഇപ്പോൾ കണ്ടാൽ കൊള്ളാം...' കാരണം, ഞാൻ വാങ്ങിയ ഷെയറിന്റെ വില കൂടുവോ കുറയുവോ എന്നറിയാനാണ്!!!"

ദൈവം പറഞ്ഞു, "ഇല്ല... അതുശരിയാകില്ല... കാരണം, മനുഷ്യന് തന്റെ ഭാവിയെ കാണിച്ച് കൊടുക്കാൻ പാടില്ലെന്നാണ് നിയമം. അതുകൊണ്ട് ഇക്കാര്യം മാത്രം നടക്കില്ല... നീ വേറെ എന്തെങ്കിലും ചോദിക്ക്."

തോമാച്ചനുണ്ടോ വിട്ടുകൊടുക്കുന്നു...അവസാനം ദൈവം തോമാച്ചന്റെ ആഗ്രഹത്തിന് മുമ്പിൽ മുട്ടുമടക്കി. തോമാച്ചന്റെ ആഗ്രഹപ്രകാരം 2019 മാർച്ച് മാസത്തെ മലയാള മനോരമ പത്രം കാണിച്ച് കാണിച്ചുകൊടുത്തു. പത്രം കണ്ട തോമാച്ചൻ തലകുത്തിനിന്ന് സന്തോഷിക്കാൻ തുടങ്ങി. കാരണം, ഇന്നു വാങ്ങിച്ച ഷെയറിനോക്കെ മുന്നുവർഷത്തിനുള്ള മൂന്നിരട്ടി വില...

*കർത്താവ് സമ്മാനിക്കുന്ന സന്തോഷത്തിന്റെ സദ്വാർത്ത "ദുഃഖം സന്തോഷമായി മാറ്റപ്പെടുന്നതാണ്..."*

ഇനിയും കുറച്ചുകൂടി ഷെയർ വാങ്ങണം എന്നു മനസിൽ പറഞ്ഞ് വളരെ സന്തോഷത്തോടെ പേപ്പർ മടക്കാൻ തുടങ്ങുമ്പോൾ നല്ലപരിചയമുള്ള ഒരു മുഖം പത്രത്തിൽ! സൂക്ഷിച്ചു നോക്കിയപ്പോൾ അത് തോമാച്ചന്റെ ഫോട്ടോ തന്നെയാണ്... കൂടെ, നാൽപത്തിയൊന്നാം ചരമദിനം എന്ന അടിക്കുറിപ്പും!!!

ചരിത്രം പഠിപ്പിക്കുന്നത്, "ദൈവം നൽകുന്ന ദുഃഖങ്ങളെല്ലാം സന്തോഷമായി മാറ്റപ്പെടും" എന്നുളളതാണ്. പക്ഷെ, ദുഃഖങ്ങളെല്ലാം സന്തോഷമായി മാറ്റപ്പെടാൻ ചെയ്യേണ്ട സർവ്വതും സമ്മാനിക്കുന്ന ദൈവത്തെ വിടാതെ മുറുകെ പിടിക്കുക എന്നത് മാത്രമാണ്. ഏറ്റവും നല്ല ഉദാഹരണം വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ളത് "ദൈവത്തിന്റെ സഹന ദാസനായ ജോബ്" തന്നെയാണ്. എന്തെല്ലാം കഷ്ടതകളിലൂടെയാണ് പ്രലോഭകൻ ജോബിനെ നയിക്കുന്നത്. സമ്പത്ത്, സ്ഥലങ്ങൾ, സ്ഥാനമാനങ്ങൾ, ഒരായുസിന്റെ മുഴുവൻ നേട്ടങ്ങൾ, മക്കൾ, സുഹൃത്തുക്കൾ, കന്നുകാലികൾ, ആരോഗ്യം... ഇങ്ങനെ എല്ലാം നഷ്ടമായി ജോബിന്. എന്നിട്ടും, ജോബ് ദൈവത്തെ നഷ്ടമാക്കിയില്ല. വചനം പറയുന്നത്, ദൈവത്തെ നഷ്ടമാക്കാതിരുന്ന ജോബിന് ദൈവം എല്ലാം പതിൻമടങ്ങായി തിരിച്ച് നൽകി എന്നാണ്.

"ജോബിനുണ്ടായിരുന്ന ഐശ്വര്യം കർത്താവ് തിരിയെക്കൊടുത്തു. അവിടുന്ന് അത് ഇരട്ടിയായിക്കൊടുത്തു. കർത്താവ് അവൻെറ ശേഷിച്ച ജീവിതം മുൻപിലത്തേ തിനെക്കാൾ ധന്യമാക്കി, അവന് പതിന്നാലായിരം ആടുകളും ആറായിരം ഒട്ടകങ്ങളും, ആയിരം ഏർ കാളകളും, ആയിരം പെൺകഴുതകളും ഉണ്ടായി. അവന് ഏഴു പുത്രൻമാരും മൂന്നു പുത്രിമാരും ഉണ്ടായി. ജോബിൻെറ പുത്രിമാരെപ്പോലെ സുന്ദരിമാരായ സ്ത്രീകൾ ആ ദേശത്തെങ്ങും ഉണ്ടായിരുന്നില്ല. പിതാവ് അവർക്കും സഹോദരൻമാർക്കൊപ്പം അവകാശം കൊടുത്തു. അതിനുശേഷം ജോബ്

നൂറ്റിനാൽപതുവർഷം ജീവിക്കുകയും മക്കളും മക്കളുടെ മക്കളുമായി നാലുതലമുറവരെ കാണുകയും ചെയ്തു. അങ്ങനെ ജോബ് പൂർണായുസ്സു പ്രാപിച്ച് വൃദ്ധനായി മരിച്ചു" (ജോബ് 42,10 - 17).

സഹനങ്ങളിൽ, സങ്കടങ്ങളിൽ, കുരിശുകളിൽ ദൈവത്തെ വിടാതെ പിടിക്കുക. അൾത്താരകളെ അഭയശിലയാക്കാൻ പഠിക്കുക. അങ്ങനെയുള്ളവരുടെ സങ്കടങ്ങളെ പതിൻമടങ്ങ് സന്തോഷമാക്കി ദൈവം മാറ്റും. ജീവിതത്തിൽ സങ്കടങ്ങളുടെ പെരുമഴക്കാലം പെയ്തിറങ്ങുമ്പോൾ അതിലെ ഏറ്റവും ചെറിയ സഹനങ്ങൾ മാത്രം ഏറ്റെടുത്ത് ജീവിതത്തെ സന്തോഷത്തിലേയ്ക്ക് തിരിച്ച് വിടാൻ പരിശ്രമിക്കുന്നവരും ഇന്ന് കുറവല്ല. ഇതിന് കാരണം, സങ്കടങ്ങളുടെ പുറകിൽ ഒളിപ്പിച്ച് വച്ചിട്ടുളള സന്തോഷങ്ങളെ തിരിച്ചറിയാൻ സാധിക്കാത്തത് കൊണ്ടാണ്. അതുവഴിയായ് വലിയ വലിയ സങ്കടങ്ങളിലേയ്ക്ക് ജീവിതം കൂപ്പുകുത്തുന്നു.

ഒരു നാട്ടുരാജ്യത്ത് ഒരിക്കൽ ഒരു കള്ളനെ പിടികൂടി. രാജ്യ സന്നിധിയിലെ കോടതിയിലെ വിചാരണക്ക് ശേഷം കള്ളൻ കുറ്റക്കാരനെന്ന് കണ്ടെത്തി രാജാവ് കള്ളന് ശിക്ഷ പ്രഖ്യാപിച്ചു. രസകരമായ ശിക്ഷാവിധി. രണ്ട് ഓപ്ഷനാണ് കള്ളന് മുന്നിൽ വച്ചത്.

"1. ഒന്നുകിൽ ചാട്ടവാറു കൊണ്ടുള്ള 101 അടി വാങ്ങിക്കുക. അല്ലെങ്കിൽ,

2. നല്ല എരിവുള്ള 101 പച്ചമുളക് തിന്നുക."

കള്ളൻ നന്നായി ആലോചിച്ചതിനു ശേഷം പച്ചമുളക് തിന്നാൻ തീരുമാനിച്ചു. അങ്ങനെ പച്ചമുളക് തിന്നു തുടങ്ങി. അഞ്ച് പച്ചമുളക് തിന്നപോഴേക്കും കള്ളന്റെ നാവും, കണ്ണുമൊക്കെ എരിഞ്ഞ് സഹിക്കാൻ പറ്റാതെ വന്നപ്പോൾ കള്ളൻ പറഞ്ഞു, "ഞാൻ ചാട്ടവാറടി വാങ്ങി കൊള്ളാം പച്ചമുളക് വേണ്ടാ..." ചാട്ടവാറ് കൊണ്ടുള്ള അടി വാങ്ങി തുടങ്ങി അഞ്ച് അടി വാങ്ങിയപ്പോഴേക്കും വേദന സഹിക്കാൻ പറ്റാതായി, ക്ഷമകെട്ട് കള്ളൻ പറഞ്ഞു, "എനിക്ക് പച്ചമുളക് മതി രാജാവേ..." വീണ്ടും പച്ചമുളക് തിന്ന് തുടങ്ങി. അങ്ങനെ, കുറച്ച് പച്ചമുളക് തിന്ന് തുടങ്ങിയപ്പോഴേക്കും എരിവ് സഹിക്കാൻ പറ്റാതെ കണ്ണിൽ കൂടെ പൊന്നീച്ച പറന്നു പോയി. കള്ളന്റെ ദീനരോദനം.....

"എനിക്ക് ചാട്ടവാറടി മതി രാജാവേ..."

ഈ പ്രക്രിയ മാറി മാറി തുടർന്നു കൊണ്ടേയിരുന്നു.....

അവസാനം കള്ളൻ 101 അടിയും വാങ്ങി, 101 പച്ചമുളകും തിന്നേണ്ടി വന്നു.

ജീവിതത്തിൽ സന്തോഷം സ്വന്തമാക്കാൻ വേണ്ടി എളുപ്പവഴിയിൽ ക്രിയ ചെയ്യുന്നവരാണ് നാം. ഇപ്രകാരം സ്വന്തമാക്കുന്ന സന്തോഷങ്ങൾ നൈമിഷീകം മാത്രമാണ്. അൽപ്പസമയം മാത്രം നീണ്ടു നിൽക്കുന്ന സന്തോഷങ്ങൾ. അവ വലിയ ദുഃഖമായി മാറ്റപ്പെടും. എന്നാൽ, കർത്താവ് സമ്മാനിക്കുന്ന സങ്കടങ്ങൾ വലിയ സന്തോഷത്തിന് കാരണമാവുകയും ചെയ്യും!"

*ക്രിസ്തു നൽകുന്ന വലിയ ആശ്വാസം, "വേദനകളുടെയും സങ്കടങ്ങളുടെയും ആയുസ് അൽപം മാത്രമാണ്" എന്നുള്ളതാണ്.*

***"സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ, ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല."***

യോഹ 16,22

..........................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931